വരികയാണ്. സാങ്കേതികമായ കാരണങ്ങളാൽ പദ്ധതിയുടെ ജലസംഭരണിയുടെ സ്ഥാനങ്ങളിൽ പുനഃക്രമീകരണം ആവശ്യമായി വന്നിരിക്കുകയാണ്. പുതിയ ഡിസൈൻ തയ്യാറാക്കുന്നതിനുവേണ്ടിയുള്ള സർവ്വേ പൂർത്തിയായിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കിവരുന്നു. ഇത് എത്രയും വേഗം പൂർത്തിയാക്കി പണി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(12) വടകര-മാഹി കനാൽ പദ്ധതി പൂർത്തീകരിക്കുന്നതു സംബന്ധിച്ച്

ശ്രീ. എ. കണാരൻ : സർ, വടകര-മാഹി കനാൽ പദ്ധതിയുടെ പ്രവൃത്തി മുടങ്ങിക്കിടക്കുകയാണ്. കേരളത്തിന്റെ തെക്കേയറ്റം മുതൽ വടക്കേയറ്റം വരെ കടലിന് സമാന്തരമായിട്ടുള്ള ഉൾനാടൻ ജലഗതാഗതത്തിന്റെ ഭാഗമായിട്ടാണ് മാഹി കനാൽ കിടക്കുന്നത്. ഇതിന്റെ നീളം 19-20 കിലോമീറ്ററാണ്. 1959-ൽ ഉൾനാടൻ ജല ഗതാഗതത്തിൽ ഉൾപ്പെടുത്തി 1965-ൽ കേന്ദ്ര ഗവൺമെന്റ് 68 ലക്ഷം ഉറുപ്പിക അനുവദിച്ചു, 1966-ൽ പ്രവൃത്തി ആരംഭിച്ചു. കനാൽ കോഴിക്കോട് ജില്ലയിലെ മണിയൂർ പഞ്ചായത്തിൽനിന്ന് ആരംഭിച്ച് തിരുവള്ളൂർ, നടയഞ്ചേരി, പുറമേരി, നടച്ചേരി പഞ്ചായത്തുവഴി ഏറാമല പഞ്ചായത്തിലെ തുരുത്തുമുക്കിൽനിന്ന് മാഹി വഴയോട് ചേരുകയാണ്. കനാലിന് ആവശ്യമായ സ്ഥലം പൊന്നുംവിലയ്ക്ക് നേരത്തെതന്നെ എടുത്തുകഴിഞ്ഞിട്ടുണ്ട്. മൂഴിക്കൽ എന്ന സ്ഥലത്ത് വെള്ളം തുറന്നുവിടാനുള്ള ഷട്ടറും നിർമ്മിച്ചിട്ടുണ്ട്. ഈ കനാലിന്റെ പ്രവർത്തനം ചില സ്ഥലങ്ങളിൽ ഭാഗികമായും, ചില സ്ഥലങ്ങളിൽ പൂർണ്ണമായും നിർവ്വഹിച്ചിട്ടുണ്ട്. 1967-മുതൽ കേന്ദ്ര സഹായം ലഭിക്കുന്നില്ലായെന്നാണ് പറഞ്ഞത്. 40 ലക്ഷത്തിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. 33 വർഷമായിട്ടും കനാലിന്റെ പണിപൂർത്തിയാകാതെ കിടക്കുകയാണ്. പദ്ധതി പൂർത്തിയായിക്കഴിഞ്ഞാൽ ജില്ലയിലെ ഉൾനാടൻ പ്രദേശങ്ങളിൽനിന്ന് കാർഷികോൽപ്പന്നങ്ങൾ നഗരങ്ങളിലേക്കും നഗരങ്ങളിൽനിന്ന് ഉപഭോഗ സാധനങ്ങൾ ചുരുങ്ങിയ ചെലവിൽ നാട്ടിൻപുറത്തേയ്ക്കും എത്തിക്കാൻ കഴിയുന്നതാണ്. ഉൾനാടൻ ജലഗതാഗത സൗകര്യം, ടൂറിസം വികസന സംവിധാനം ഇവ വർദ്ധിക്കും. ഇന്ധന ലാഭവുമുണ്ടാകും. പരിസ്ഥിതി സംരക്ഷണം മെച്ചപ്പെടുത്താനുമുതകും. ഇതെല്ലാം ഇതുകൊണ്ടുണ്ടാകുന്ന നേട്ടങ്ങളാണ്. കനാലിന്റെ ഇരുവശത്തും ഉള്ളവർക്കുകൂടി വെള്ളം കിട്ടും. കനാലിന്റെ ബണ്ട് വളരെ ഉയർന്നതായിരുന്നതിനാൽ കൃഷിയിടങ്ങളിൽനിന്ന് കൃഷിസ്ഥലത്തേയ്ക്ക് വെള്ളം തുറന്നുവിടാൻ കഴിയും. കനാലിന്റെ ഒഴുക്ക് തടയാനാകും. ഏകദേശം ഇരുന്നൂറ്റിയമ്പത് ഹെക്ടർ അഞ്ഞൂറിലേറെ ഏക്കർ സ്ഥലത്ത് രണ്ടു കൃഷിയിറക്കാൻ കഴിയുന്നതാണ്. അറുപത് ലക്ഷത്തിൽ തുടങ്ങിയ ഈ പദ്ധതിക്ക് ഇന്ന് പുതുക്കിയ എസ്റ്റിമേറ്റ് എന്നുപറയുന്നത് 17 കോടിയാണ്. അതുകൊണ്ട് ഈ അനാസ്ഥ അവസാനിപ്പിച്ച് വേഗത്തിൽ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ഇതിന്റെ പണി പുനരാരംഭിക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, 1692 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്ന പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് അൻപത് ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിലേയ്ക്കായി ഉപരിതല ഗതാഗത മന്ത്രാലയത്തിന് 1999 നവംബർ മാസത്തിൽ അയച്ചുകൊടുത്തിട്ടുണ്ട്. ഇന്ന് ലഭിക്കുന്നതിനുള്ള മറ്റ് നടപടികൾ സ്വീകരിക്കുന്നുണ്ട്. 19.3 കിലോമീറ്റർ നീളമുള്ള ഈ കനാലിന്റെ പുനരുദ്ധാരണത്തിനായി 1965-ൽ കേന്ദ്ര അനുമതി ലഭി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം പണികൾ നിർത്തിവയ്ക്കേണ്ടിവന്നു. 1965 മുതൽ 1967 വരെ കാലയളവിൽ ഏകദേശം 40.2 ദശലക്ഷം രൂപയുടെ പണി നടത്തിയിട്ടുണ്ട്. തുടർന്ന് വേണ്ടിവന്ന അത്യാവശ്യ പണികൾ സംസ്ഥാന ബഡ്ജറ്റിലെ തുക വിനിയോഗിച്ച് നടത്തിവരുന്നുണ്ട്. അതിനു ശേഷം 1997-ലും 99-ലും കേന്ദ്ര സഹായത്തിനായി പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടുവെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതിക്കായി അംഗീകാരം നൽകുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾക്കനുസൃതമായി പുതുക്കി നൽകുവാൻ ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇന്ത്യ ആവശ്യപ്പെടുകയുണ്ടായി. അതനുസരിച്ച് 1999-ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം തയ്യാറാക്കിയ 1692 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ട് 1999 നവംബറിൽ ഉപരിതല ഗതാഗതമന്ത്രാലയത്തിന്റെ അംഗീകാരത്തിനായി അയച്ചു കൊടുത്തിരിക്കുകയാണ്. എത്രയും വേഗം അനുമതി ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപടിയെടുത്തു വരികയാണ്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(13) ചാലക്കുടി നിയോജക മണ്ഡലത്തിലെ വിവിധ ഇറിഗേഷൻ പ്രോജക്ടുകളും കുടിവെള്ള പദ്ധതികളും പൂർത്തീകരിക്കുന്നതു സംബന്ധിച്ച്

പ്രൊഫ. സാവിത്രി ലക്ഷ്മണൻ ; സർ, എന്റെ നിയോജക മണ്ഡലത്തിലെ വിവിധ ഇറിഗേഷൻ പ്രോജക്ടുകളും കുടിവെള്ള പദ്ധതികളും പൂർത്തീകരിക്കുന്നതു സംബന്ധിച്ച് മുട്ടാത്ത വാതിലുകളില്ല. മുട്ടിയിട്ടു പ്രയോജനമില്ലാതെ വന്നതുകൊണ്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കോടശ്ശേരി പഞ്ചായത്തിലെ പിലാർമൂഴി ഇറിഗേഷൻ പദ്ധതിക്കു ബഹുമാനപ്പെട്ട ടി. എം. ജേക്കബ് ശിലാസ്ഥാപനം നടത്തി ഉൽഘാടന കർമ്മം ഭംഗിയായി നിർവ്വഹിച്ചു. 19960-ലെ റിവൈസ്ഡ് എസ്റ്റിമേറ്റ് അനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യപ്പെട്ട ഈ പദ്ധതിക്ക് പിന്നീട് അനക്കമുണ്ടായിട്ടില്ല. ഇപ്പോൾ രണ്ടായിരാമാണ്ടായി. 1996-ൽ ടെണ്ടർ വിളിച്ച് വെറുതെയായിപ്പോയ പിലാർമൂഴി ലിഫ്റ്റ് ഇറിഗേഷന് കുളം കുഴിക്കുന്നതിനാവശ്യമായ സ്ഥലം നൽകാനുമൊക്കെയായി ലക്ഷക്കണക്കിനു രൂപ ചെലവു ചെയ്ത് പാവപ്പെട്ട കൃഷിക്കാരുടെ ന്യായമായ മോഹം സ്ഥാപിച്ചു കൊടുക്കാൻ ഈ ബഡ്ജറ്റിലൂടെയെങ്കിലും ഗവൺമെന്റ് സഹായിക്കണം. മറ്റൊന്ന് 12 കൊല്ലങ്ങൾക്കു മുൻപ് പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിനു മുൻപ് കോൺട്രാക്ടർക്ക് പണവും നൽകി അവസാനിപ്പിച്ചു വച്ചിരുന്ന ഒരു പദ്ധതിയാണ് കൊരട്ടി പഞ്ചായത്തിലെ പൊങ്ങം പദ്ധതി. വേനൽക്കാലത്ത് സുലഭമായ ജലസോഴ്സാണ്. എപ്പോഴും ജലം കിട്ടും. പക്ഷെ ആ വെള്ളം ലിഫ്റ്റു ചെയ്തു കിട്ടാനുള്ള സംവിധാനത്തിന് കഴിഞ്ഞ പതിനാലു കൊല്ലമായി ഒരനക്കവുമില്ല. ഈ പദ്ധതിയും ഇന്ന് ജലരേഖയായി മണ്ണിനടിയിൽ ശയിക്കുകയാണ്. ആ പൊള്ളം പദ്ധതി കമ്മീഷൻ ചെയ്യിച്ചു തരണം. നാലു കൊല്ലമായി മുടങ്ങി കിടക്കുന്ന കൂടപ്പുഴ തടയണ പദ്ധതി. സാധാരണയായി ഒരു സീസണിൽ പണി പൂർത്തിയാക്കാവുന്നതാണ് കൂടപ്പുഴ പദ്ധതിയെ സംബന്ധിച്ച് ബന്ധപ്പെട്ടവർ കുറ്റകരമായ അനാസ്ഥ കാണിക്കുന്നതുകാരണം പണി നടക്കുന്നില്ല. ജലസേചന സൗകര്യം ലഭിക്കുന്നില്ലെന്നുള്ളതോ പോകട്ടെ, പകുതി പണിയായി പാറകൾ പൊട്ടിച്ച് പുഴയുടെ നടുവിലിട്ടിട്ടുള്ളതുകൊണ്ട് പദ്ധതി നടക്കുന്നതിന്റെ തൊട്ടപ്പുറത്ത് രണ്ടു കരയും ഓരോ വർഷവും ഏക്കർ കണക്കിന് ഇടിഞ്ഞു നശിച്ചു

LIBRARY ARCHIVES Kerala Legislative Assembly